## ചെറിയനാട് പഞ്ചായത്ത് രാജ്യത്തെ ആദ്യ വ്യവഹാര നിയന്ത്രിത ഗ്രാമപഞ്ചായത്ത്

തദ്ദേശ സ്വയം ഭരണം എന്ന പദം അന്വർത്ഥമാക്കുന്ന മാതൃകയാണ് ആലപ്പുഴയിലെ ചെറിയനാട് പഞ്ചായത്ത് നമുക്കുമുന്നിൽ കാഴ്ചവെക്കുന്നത്. ഇന്ന് രാജ്യത്തെ ആദ്യ വ്യവഹാര നിയന്ത്രിത സമ്പൂർണ്ണ നിയമസാക്ഷരതാ പഞ്ചായത്താണ് ചെറിയനാട്. ജനങ്ങൾ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾവർഷങ്ങളായി കോടതിയിൽ പരിഹാരമുണ്ടാവാതെ വന്നപ്പോൾ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ ഗ്രാമകോടതിയുടെ രൂപത്തിൽ ഒരു സബ് കമ്മിറ്റി രൂപികരിച്ചിരുന്നു.

പ്രസിഡന്റും- വൈസ് പ്രസിഡന്റ് - പഞ്ചായത്തംഗങ്ങൾ എന്നിവർ കമ്മറ്റിയിൽ അംഗങ്ങളായിരുന്നു. മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ജനകമ്മിറ്റി കൂടിയിരുന്നു. വാദ-എതിർ ഭാഗം പരാതികൾ കേട്ടശേഷം കമ്മിറ്റിയംഗങ്ങൾ പരിഹാരം നിശ്ചയിക്കുകയും ഇരുകൂട്ടരും സന്തോഷപൂർവ്വം അംഗീകരിക്കുകയും ചെയ്തിരുന്നു. നേരിട്ടുചെല്ലേണ്ടയിടങ്ങളിൽ കമ്മിറ്റിയംഗങ്ങൾസൗജന്യമായി നേരിട്ടെത്തി പ്രശ്ന പരിഹാരമുണ്ടാക്കിയിരുന്നു. രണ്ടായിരത്തിൽ കമ്മിറ്റി സ്ഥാപനവത്ക്കരിക്കുകയും നാനാതുറകളിൽ നിന്നും അഞ്ച് പേരെക്കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, വൈസ് പ്രസിഡന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ പരാതി ഏതു വാർഡിൽ നിന്നാണോ അവിടത്തെ മെമ്പർ മേൽപ്പറഞ്ഞ അഞ്ച് പേർ ഇതാണ് ചെറിയനാട് കോടതിയുടെ ഇപ്പോഴത്തെഘടന പഞ്ചായത്ത് സെക്രട്ടറി ഇതിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയാണ്.

മാസത്തിൽ രണ്ടു പ്രാവശ്യം സിറ്റിംഗ് നടത്തുന്ന കോടതി എല്ലാ വാർഡുകളിലെയും പ്രശ്നപരിഹാരം നടത്തുന്നു. പരാതിക്കാർ പഞ്ചായത്തിൽ പരാതികൾ രജിസ്റ്റർ ചെയ്യാൻ നിയുക്തനായ ജീവനക്കാരന്റെ വശം പരാതികൾ രജിസ്റ്റർ ചെയ്യുന്നു. ജീവനക്കാരനും പ്രസിഡന്റും പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെട്ടാൽ പരാതിക്കാരനും എതിർകക്ഷിക്കും

നോട്ടീസയക്കുന്നു. നിശ്ചിത ദിവസം കേസുകൾ വിളിക്കുകയും ചെയ്യും. പ്രശ്ന പരിഹാരങ്ങൾ മിനുട്ട്സ് ചെയ്ത് അതിൽ വാദിയും- എതിർകക്ഷിയും ഒപ്പുവെക്കുന്നു. പഞ്ചായത്തിലെ പൗരന്മാരെ നിയമസാക്ഷരതരാക്കാൻ പഞ്ചായത്ത് അധികൃതർ സെമിനാറുകൾ നടത്തുകയും നിയമപുസ്തകങ്ങൾ വീടുവീടാന്തരം വിതരണം നടത്തുകയും നിയമപരീക്ഷകൾ നടത്തി മാർക്കിടുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് നിയമപരമായ സംശയനിവാരണത്തിനായി ഒരു ലീഗൽ ക്ലിനിക്കും ഇവിടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ബാറിലെ ഒരു അഭിഭാഷകൻ ശനിയാഴ്ചക്ളിലെത്തി ഇവിടെ നിയമോപദേശം നടത്തുന്നു. കോടതിയുടെ നിഷ്പക്ഷതയും കാര്യക്ഷമതയും ചെറിയനാടെ ഈ ജീവിതം കൂടുതൽ സൗഹാർദ്ദപരമാക്കിയിരിക്കുന്നു. വേലിതർക്കങ്ങളും, കുടുംബ പ്രശ്നങ്ങളുമൊക്കെ കുറഞ്ഞിരിക്കുന്നു. വ്യവഹാരനിയന്ത്രിത പഞ്ചായത്തിൽ നിന്നും വ്യവഹാര രഹിത പഞ്ചായത്തിലേക്കുള്ള ദൂരം നാമമാത്രമാണെന്ന് ചെറിയനാട് നമ്മെ ബോധ്യപ്പെടുത്തുന്നു.

## <u>സവിശേഷതകൾ</u>

- 2006-07 വികസനഫണ്ട് തൊണ്ണൂറ്റി ഏഴ് ശതമാനം ചെലവഴിച്ചു
- നികുതി പിരിവ് നൂറ് ശതമാനം
- മെയിന്റനൻസ് ഗ്രാന്റ് നൂറ് ശതമാനം ചെലവഴിച്ചു
- വേനൽക്കാല പച്ചക്കറി കൃഷി 150 ഏക്കറിൽ 400 വനിതകൾ കൃഷി നടത്തുന്നു 300 ടൺ ഉത്പാദനം
- നെൽകൃഷി (മാതൃകാകൃഷി) - പട്ടിക ജാതി വനിതകൾ 25 ഏക്കറിൽ കൃഷി നടത്തുന്നു

Syril